**പതിമൂന്നാം കേരളനിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6706. 12.07.2012 ന് മറുപടിയ്ക്ക്.

**കേരള വനം ഗവേഷണ കേന്ദ്രം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ.പി.ബി. അബ്ദുൾ റസാക്<br>ശ്രീ.സി. മോയിൻകുട്ടി<br>ശ്രീ.കെ.എം.ഷാജി | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ)കേരള വനം ഗവേഷണ കേന്ദ്രത്തിന്റെ കീഴിൽ എതൊക്കെ തരത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത് എന്ന് വിശദമാക്കുമോ; | (എ) കേരള വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒമ്പത് വിഭാഗങ്ങളിലും, ഇരുപതോളം ഉപവിഭാഗങ്ങളിലുമായി വന-ശാസ്ത്രത്തിന്റെ വിവിധ മേഖലകളിൽ ഗവേഷണം നടന്നു വരുന്നു. വിജ്ഞാനവ്യാപന വിഷയങ്ങളുൾപ്പെടെ ഇപ്പോൾ 86-ഓളം ഗവേഷണ പദ്ധതികളാണ് നിലവിലുള്ളത്. എല്ലാ പദ്ധതികളെയും കുറിച്ചുള്ള വിവരണം ബൃഹത്താകുമെന്നതിനാൽ പ്രധാനപ്പെട്ട ചില വിഷയങ്ങളിലുള്ള ഗവേഷണത്തെക്കുറിച്ചുള്ള സംക്ഷിപ്ത വിവരങ്ങൾ അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.. |
| (ബി)വനത്തിലെ അപൂർവ്വ ഇനം ഔഷധച്ചെടികളെ സംബന്ധിച്ച ഗവേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ; | (ബി) വന-ഔഷധ സസ്യങ്ങളെക്കുറിച്ച് KFRI-ൽ ധാരാളം ഗവേഷണങ്ങൾ നടക്കുന്നുണ്ട്. വിശദ വിവരം അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു. |
| (സി) ഗവേഷണ പ്രവർത്തനങ്ങൾക്ക് വിദേശ സഹായം എന്തെങ്കിലും ലഭിക്കുന്നുണ്ടോ? | (സി) കഴിഞ്ഞ ഏതാനും വർഷങ്ങളായി സീനിയർ ശാസ്ത്രജ്ഞന്മാരുടെ ഇടർച്ചയായ വിരമിക്കൽ കാരണം വിദേശസഹായത്തോടെയുള്ള ഗവേഷണ പദ്ധതികൾ ഇപ്പോൾ കുറവാണ്. എന്നാലും അധിനിവേശ സ്പീഷീസുകളെക്കുറിച്ചുള്ള ഗവേഷണത്തിനും അധിനിവേശ സ്പീഷീസ് നെറ്റ് വർക്ക്, ടീക്ക്നെറ്റ് എന്നിവയുടെ നടത്തിപ്പിനും വിദേശ സഹായം ലഭ്യമാവുന്നുണ്ട്.<br>ഗവേഷണത്തിന് വിദേശ സഹായം ലഭ്യമാക്കുന്നതിനുള്ള ചില പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**